



വിശുദ്ധ പൗലോസ്
രചന: മൈക്കിൾ കാരിമറ്റം
ചിത്രീകരണം: ദേവസ്സി- ബെന്നി
Part-2



ഞങ്ങൾ യേശുവിനെ, അതും നമുക്ക് വേണ്ടി ക്രൂശിക്കപ്പെടുകയും ഉയർത്തെഴുന്നേൽക്കുകയും ചെയ്തവനെ മാത്രമാണ് പ്രസംഗിച്ചത്.
വാഗ്ദാനങ്ങൾ യഹൂദൻ വഴിയാണ് നൽകപ്പെട്ടത്. ആദ്യമേ യഹൂദനാകാതെ ആർക്കും ക്രിസ്ത്യാനിയാകാൻ സാധിക്കുകയില്ല


വാഗ്ദാനത്തിൻറെ പൂർത്തീകരണമാണ് യേശുക്രിസ്തു മോശയുടെ നിയമമല്ല ക്രിസ്തുവിൻറെ നിയമമാണ് അനുസരിക്കേണ്ടത്
പക്ഷേ, ആദ്യം യഹൂദനാവുക, പിന്നെ ക്രിസ്ത്യാനി
പരിച്ഛേദനം കൂടാതെ തന്നെ വിജാതീയർക്കു പരിശുദ്ധാത്മാവ് നൽകപ്പെടുന്നത് ഞങ്ങൾ കണ്ടു


ഇത് ഉറവിടം മറക്കലാണ്. ഈ ചിന്താഗതിയും പ്രവർത്തനശൈലിയും അപകടകരമാണ്


മോശയുടെ
നിയമം വഴി
ലഭിക്കാത്ത വിശ്വാസവും
വിശുദ്ധീകരണവും
യേശുക്രിസ്തു വഴി
നൽകപ്പെട്ടിരിക്കുന്നു


നിങ്ങൾക്ക് തോന്നിയ വിധത്തിൽ സുവിശേഷം പ്രസംഗിക്കാൻ പാടില്ല. അപ്പസ്തോലന്മാരെയാണ് നാഥൻ തൻറെ സഭയെ ഭരമേല്പിച്ചിരിക്കുന്നത്
എന്നാൽ അപ്പസ്തോലന്മാരുമായി ഈ കാര്യം ചർച്ച ചെയ്യാം
അതാണ് വേണ്ടത് നമുക്ക് ജറുസലേമിലേക്കു പോകാം


അപ്പസ്തോലന്മാരും ശ്രേഷ്ഠന്മാരും ജെറുസലേമിൽ സമ്മേളിച്ച് ദീർഘമായി ചർച്ച ചെയ്തു
സഹോദരങ്ങളേ, നമ്മൾ ദൈവത്തെ പരീക്ഷിക്കരുത്. പരിച്ഛേദനം കൂടാതെ തന്നെ വിജാതീയർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുമ്പോൾ പിന്നെ നാം എന്തിനു അവരുടെമേൽ നിയമത്തിന്റെ ഭാരം അടിച്ചേൽപ്പിക്കുന്നു?


പത്രോസ് പറഞ്ഞത് തികച്ചും ശരിയാണ്. വിജാതീയരെ ആദ്യം യഹൂദരാക്കേണ്ടതില്ല. അവർ മോശയുടെ നിയമം അനുസരിക്കുകയും വേണ്ട


എന്നാലും
വിഗ്രഹാരാധനയിലും
വ്യഭിചാരത്തിലും നിന്ന്
അവരും ഒഴിഞ്ഞു
നിൽക്കണം, രക്തം ഭക്ഷി
ക്കരുത്. മറ്റൊരു ഭാരവും
അവരുടെ മേൽ
ചുമത്താതെ ഇരിക്കു
കയാണ് നല്ലത്


ഇതുതന്നെ പരിശുദ്ധാത്മാവിൻറെ തീരുമാനം. നമുക്ക് കാര്യങ്ങൾ എല്ലായിടത്തും ഉള്ള സഹോദരങ്ങൾക്ക് എഴുതാം
ബർണബാസിനേയും സീലാസിനെയും അന്ത്യോക്യയിലേക്കു കത്തുമായി അയക്കാം. അവർ ചെന്ന് സഭ മുഴുവൻറെയും തീരുമാനം സഹോദരങ്ങളെ അറിയിക്കട്ടെ


ജെറുസലേം സൂനഹദോസിന്റെ തീരുമാനം വിജാതീയരുടെ ഇടയിലുള്ള സുവിശേഷപ്രഘോഷണത്തിന് അംഗീകാരവും ഉത്തേജനവും നൽകി. അന്ത്യോക്യയിൽ തിരിച്ചെത്തിയ പൗലോസും ബർണാബാസും കുറച്ചുനാൾ അവിടെ താമസിച്ചു. ഒരു ദിവസം




എന്നാൽ നമുക്ക് അടുത്ത ആഴ്ച പുറപ്പെടാം
നമുക്ക് മാർക്കോസിനെയും കൂടെ കൊണ്ടുപോകാം


കഴിഞ്ഞതവണ ഇടവഴിക്ക് വെച്ച് പിന്തിരിഞ്ഞുപോന്ന അവനെ കൂടെ കൊണ്ടുപോകാൻ സാധിക്കില്ല. വഴിക്ക് വെച്ച് ഇനിയും മനസ്സു മാറിയെന്നു വരും
മർക്കോസിനെ കൂടാതെ ഞാൻ ഒരു യാത്രയ്ക്ക് തയ്യാറല്ല


എങ്കിൽ നമുക്ക് രണ്ടു വഴിക്ക് പോകാം
അതായിരിക്കും മെച്ചം


ബർണബാസ് മർക്കോസിനെയും കൂട്ടി സൈപ്രസിലേക്കു കപ്പൽ കയറി. പൗലോസ് സീലാസിനെ തിരഞ്ഞെടുത്തു. കര വഴി യാത്ര ചെയ്തു ലിസ്ട്രായിൽ എത്തി
സഹോദരാ, പൗലോസ്, ജീവനോടെ വീണ്ടും കാണാൻ കഴിയും എന്ന് ഞങ്ങൾ ആരും വിചാരിച്ചില്ല
നിന്നെ കല്ലെറിഞ്ഞതിൽ നഗരവാസികളെല്ലാം പശ്ചാത്തപിച്ചു. കല്ലെറിയാൻ കൂടിയ പലരും ഇന്ന് നമ്മുടെ ഏറ്റവും തീക്ഷ്ണമതികളായ പ്രവർത്തകരാണ്.
സഭ നാൾക്കുനാൾ വളർന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ എല്ലാവർക്കും നമ്മോട് വലിയ ആദരവും മതിപ്പുമാണ്.
എന്താണ് നിൻറെ പേര്?


തിമോത്തെയോസ്
ഇയാൾ
ഇക്കോണിയത്തിലും
മറ്റും ധാരാളം
അത്ഭുതങ്ങൾ
പ്രവർത്തിക്കുകയും
ചെയ്തു




തിമോത്തെയോസ്, സുവിശേഷ വേലയ്ക്കായി ഇനി എൻറെ കൂടെ പോരുമോ?
അതിൽ എനിക്ക് സന്തോഷമേയുള്ളൂ
!


തിമോത്തെയോസിനേയും കൂട്ടി പൗലോസ് യാത്രയായി. അവർ ത്രോവാസിൽ എത്തി.
ഇവിടെ അടുത്താണ് പുരാതനനഗരമായ ട്രോയി. ഒരു സ്ത്രീയുടെ പേരിൽ നശിപ്പിക്കപ്പെട്ട പട്ടണം.
നമ്മൾ ഏഷ്യയുടെ പടിഞ്ഞാറെ അറ്റത്തെത്തി. ഇനി എങ്ങോട്ടാണ് പോകുന്നത്?
ഇതുവരെ നമ്മെ നയിച്ച പരിശുദ്ധാത്മാവ് ഇനിയും വഴി കാണിച്ചു തരും

അന്ന് രാത്രി സ്വപ്നത്തിൽ ഒരു മക്കദോനിയാക്കാരൻ പൗലോസിനു പ്രത്യക്ഷപ്പെട്ടു




പിറ്റേന്ന് പ്രഭാതത്തിൽ
താങ്കൾ ആരാണ്?
അങ്ങ് മക്കദോനിയായിലേക്ക് വരണം.


പിറ്റേന്ന് അവർ കപ്പൽമാർഗ്ഗം നെയാപ്പോളിസിൽ എത്തി
മക്കദോനിയായിലെ ഒരു പ്രധാന പട്ടണമായ ഫിലിപ്പി ഇവിടെ അടുത്താണ്. മൂന്നു മണിക്കൂർ നടന്നാൽ മതി.
ഒക്ടോവിയനും മാർക്ക് ആൻറണിയും കൂടി സീസറിൻറെ ഘാതകരെ തോൽപ്പിച്ചത് അവിടെ വച്ചല്ലേ?



അതേ, മനോഹരമായ ഒരു പട്ടണം. ഏറെ റോമൻ പടയാളികൾ അവിടെ സ്ഥിരതാമസമാക്കിയിട്ടുണ്ട്
യഹൂദർ ആരുമില്ലേ?


യഹൂദരുടെ ഒരു ചെറിയ സമൂഹമുണ്ട്. അവർക്ക് പ്രാർത്ഥനാലയം ഇല്ല. പുഴക്കരയിലാണ് പ്രാർത്ഥനയ്ക്കായി സമ്മേളിക്കുന്നത്.
നമുക്ക് അങ്ങോട്ട് പോകാം

പൗലോസും കൂട്ടരും ഫിലിപ്പീയിലെത്തി. യഹൂദരുടെ പ്രാർത്ഥനാ സമ്മേളനത്തിൽ സംബന്ധിച്ചു. പൗലോസ് അവരോട് യേശുക്രിസ്തുവിനെ കുറിച്ച് പ്രസംഗിച്ചു.



പ്രസംഗത്തിനുശേഷം എല്ലാവരും പിരിഞ്ഞു പോകുമ്പോൾ ദൈവഭക്തയായ ലീദിയാ.





അതിന് ഞങ്ങൾ ഒരുക്കമാണ്. നിങ്ങൾ എൻറെ വീട്ടിലേക്ക് വരണം
തീർച്ചയായും

പൗലോസും കൂട്ടരും ലീദിയായുടെ വീട്ടിൽ താമസിച്ച് സുവിശേഷം പ്രസംഗിച്ചു. അനേകർ യേശുവിൽ വിശ്വസിച്ചു. ഒരു ദിവസം



അതോടെ ഭാവി പറയാനുള്ള കഴിവ് അവർക്ക് നഷ്ടപ്പെട്ടു. അവളുടെ യജമാനന്മാർ പിറ്റേദിവസം പൗലോസിനെയും സീലാസിനേയും പിടികൂടി ന്യായാധിപന്മാരുടെ മുമ്പിൽ കൊണ്ടുവന്നു





രാത്രിയിൽ പൗലോസും
സീലാസും
പ്രാർത്ഥിച്ചുകൊണ്ടിരി
ക്കെ ഭൂമി കുലുങ്ങി.
ചങ്ങലകൾ അഴിഞ്ഞു.
തടവറയുടെ
വാതിലുകൾ തുറന്നു.
തടവുകാർ
രക്ഷപ്പെട്ടെന്നുകരുതിയ
കാവൽക്കാരൻ
ആത്മഹത്യക്കൊരുങ്ങി.
സാഹസമരുത്.
ഞങ്ങളെല്ലാം
ഇവിടെ
തന്നെയുണ്ട്


യജമാനനേ, ക്ഷമിക്കണം. രക്ഷപ്രാപിക്കാൻ ഞാൻ എന്ത് ചെയ്യണം
കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിൻറെ കുടുംബവും രക്ഷ പ്രാപിക്കും


അയാൾ അവരെ അപ്പോൾ തന്നെ വീട്ടിൽ കൊണ്ടുപോയി പരിചരിച്ചു. മാമോദിസ സ്വീകരിച്ചു.
കർത്താവ് എൻ്റെ ഇടയനാകുന്നു എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല
ഹല്ലേലുയ്യ...... ഹല്ലേലുയ്യ......

പിറ്റേന്ന് പ്രഭാതത്തിൽ





ന്യായാധിപന്മാർ വന്നു
നിങ്ങൾ റോമൻ പൗരന്മാരാണെന്ന് പറഞ്ഞത് സത്യമാണോ
ഞങ്ങൾ ജനിച്ചത് തന്നെ റോമൻ പൗരന്മാരായിട്ടാണ്


ക്ഷമിക്കണം, എനിക്കറിയില്ലായിരുന്നു. ദയവുചെയ്ത് നിങ്ങൾ ഈ നഗരം വിട്ടു പോകണം
എന്തിന്? ഞങ്ങൾ നിയമവിരുദ്ധമായി ഒന്നും ചെയ്തില്ലല്ലോ


ഫിലിപ്പി ഒരു റോമൻ കോളനിയാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഇവിടെ എന്തെങ്കിലും അസ്വസ്ഥത ഉണ്ടായാൽ റോമൻ പടയാളികൾ നഗരത്തെ മുഴുവൻ നശിപ്പിക്കും
ശരി, ഞാൻ മനസിലാക്കുന്നു.

അവർ അവിടെനിന്ന് മക്കദോനിയായുടെ തലസ്ഥാനമായ തെസ്സലോണിക്കയിലേക്ക് പോയി അവിടെ യഹൂദരുടെ സിനഗോഗിൽ പ്രസംഗിച്ചു



അനേകർ വിശ്വസിച്ചു. ചില യഹൂദർ അസൂയാലുക്കളായി.




മൂന്നാഴ്ചയായി അവർ സിനഗോഗിലും പെരുവഴിയിലും വീടു തോറും കയറിയും പ്രസംഗിക്കുന്നു.
അവർ ഇപ്പോൾ സിനഗോഗാധികാരിയായ ജാസൻറെ വീട്ടിലുണ്ട്. പിടിച്ചിറക്കി ന്യായാധിപന്മാരുടെ മുമ്പിൽ എത്തിക്കണം

പൗലോസിനെ പിടികിട്ടാത്തതിനാൽ അവർ ജാസനെ വലിച്ചിഴച്ചു ന്യായാധിപൻറെ മുമ്പിൽ ഹാജരാക്കി.




അയാൾ തിരിച്ചു വരില്ല എന്നതിന് നീ തന്നെയായിരിക്കും ഉത്തരവാദി. തിരിച്ചു വന്നാൽ നിൻറെ വസ്തുക്കൾ ജപ്തിചെയ്യും. കുടുംബസഹിതം നീ തടവറയിലായിരിക്കും


അന്ന് രാത്രി
ജാസൻ, നിങ്ങൾ ഭയപ്പെടാതെ വിശ്വസിക്കുവിൻ. ഞങ്ങൾ തൽക്കാലം ബെറോയായിലേക്കു പോകാം

ബെറോയായിലെ അനേകം യഹൂദരും വിജാതീയരും സുവിശേഷം സ്വീകരിച്ചു. ഒരു ദിവസം




നിങ്ങൾ ഇവിടെ താമസിക്കുന്നത് സുരക്ഷിതമാണോ
നിന്നെയാണ് അവർ നോട്ടമിട്ടിരിക്കുന്നത്


നിങ്ങൾ ഇവിടെ താമസിക്കുന്നത് സുരക്ഷിതമാണോ
നിന്നെയാണ് അവർ നോട്ടമിട്ടിരിക്കുന്നത്



എന്നാൽ ഞാൻ
ആഥൻസിലേക്കു പോകാം.
ഇവിടത്തെ ശിഷ്യന്മാർക്ക്
വേണ്ട നിർദേശങ്ങൾ
നൽകിയശേഷം നിങ്ങളും
അങ്ങോട്ട് വരണം

# പൗലോസ് ആഥൻസിലേക്കു കപ്പൽ കയറി




പൗലോസ് ആഥൻസിൽ എത്തി.
ഈ നഗരം നിറയെ വിഗ്രഹങ്ങൾ ആണല്ലോ

പൗലോസ് സിനഗോഗിലും പൊതുസ്ഥലത്തും വച്ച് യേശുവിനെയും പുനരുദ്ധാനത്തെയും കുറിച്ച് പ്രസംഗിച്ചു




നമ്മൾ ആരാധിക്കുന്ന ദേവന്മാരാരും ദൈവമല്ലത്രെ!
അപ്പോളോയും, ഹെർമസും, അഥേനായും, മഹാദേവൻ സേവുസും എല്ലാം കല്ലുകളാണ് പോലും


ഇയാളെ ഇങ്ങനെ വിടുന്നത് അപകടകരമാണ്
പിടിച്ചു കോടതിയിൽ വിചാരണ ചെയ്യണം. ന്യായാധിപന്മാർ നിശ്ചയിക്കട്ടെ.




അവർ പൗലോസിനെ ആരെയോപ്പഗസ് എന്ന കോടതിയിൽ ഹാജരാക്കി
എന്താണ് നിന്റെ ഈ പുതിയ മതം
ഈ മഹാനഗരത്തിന്റെ പിതാക്കന്മാരേ, ആഥൻസ് നിവാസികളേ, നിങ്ങൾ മതകാര്യങ്ങളിൽ വലിയ തല്പരരാണെന്നു ഞാൻ മനസ്സിലാക്കുന്നു



ഞാൻ ഈ നഗരത്തിലൂടെ നട ക്കുമ്പോൾ "അജ്ഞാത ദേവന്" എന്ന് എഴുതി യിട്ടുള്ള ഒരു ബലി പീഠം കണ്ടു. ആ അജ്ഞാത ദേവനെ ക്കുറിച്ചാണ് ഞാൻ പ്രസംഗിക്കുന്നത്


പ്രപഞ്ചസൃഷ്ടാവായ ദൈവം മനുഷ്യനിർമ്മിതമായ ആലയങ്ങളിലോ വിഗ്രഹങ്ങളിലോ വസിക്കുന്നില്ല അവനു ഇതിൻറെയൊന്നും ആവശ്യവുമില്ല.


എന്നാലും അവൻ
നമുക്കെല്ലാം
സമീപസ്ഥനാണ്.
അവനിലാണ് നാം
ജീവിക്കുന്നതും,
നിലനിൽക്കുന്നതും,
ചരിക്കുന്നതും

പൗലോസ് തുടർന്ന് യേശുക്രിസ്തുവിനെയും പുനരുത്ഥാനത്തെയും കുറിച്ച് സംസാരിച്ചു.





നിനക്ക് പോകാം. പുനരുത്ഥാനത്തെക്കുറിച്ച് ഞങ്ങൾ പിന്നീട് ഒരിക്കൽ കേട്ടുകൊള്ളാം
മരിച്ചു കഴിഞ്ഞു എന്ത് സംഭവിച്ചാലെന്താ? മരിക്കുന്നതുവരെ സുഖമായി ജീവിക്കാനുള്ള മാർഗ്ഗമല്ലേ നമ്മൾ തേടുന്നത്
അതിന് ഇയാളെ കേട്ടിട്ട് കാര്യമില്ല. കണ്ടില്ലേ കോലം. മരണം രണ്ടുകാലിൽ നടക്കുന്നതുപോലെ

അവർ അവനെ പരിഹസിച്ചു പുറത്താക്കിയെങ്കിലും ചുരുക്കം പേർ യേശുവിൽ വിശ്വസിച്ചു. താമസിയാതെ തിമൊത്തെയോസും സീലാസും ആഥൻസിലെത്തി.




തെസ്സലോണിക്കയെക്കുറിച്ചാണ് എനിക്ക് ആശങ്ക. പീഡനങ്ങളിൽ അവർ വീണു പോയേക്കുമോ എന്ന ഭയം
അവർ ഉറച്ചുനിൽക്കും, സംശയമില്ല


എന്നാലും അവരുടെ വിവരം അറിയണം. തിമൊത്തെയോസ് നീ ചെന്ന് വിവരങ്ങൾ അറിഞ്ഞു വരൂ! ഞാൻ കൊറിന്തോസിലേക്കു നീങ്ങുകയാണ്. അവിടെവച്ചു കണ്ടുമുട്ടാം.
ശരി



പൗലോസിന്റെ രണ്ടാമത്തെ
പ്രേഷിതയാത്ര
മ ക്കെ ദോ നി യാ
തെസലോണിക്ക
ഫിലിപ്പി
ത്രോവാസ്
പിസീദിയായിലെ
അന്ത്യോക്യാ
ലിസ്ത്രാ
ദെർബെ
താർസോസ്
എഫേസോസ്
ക്രേത്ത
ദമാസ്ക്കസ്
സീദോൻ
ടയിർ
മ ധ്യ ധ ര ണ്യാ ഴി


വലിയൊരു തുറമുഖ നഗരമാണ് കോറിന്തോസ്.
രതിദേവതയായ വീനസിന്റെ ഒരു ക്ഷേത്രം
അവിടെയുണ്ടായിരുന്നു. ആയിരം ദേവദാസികൾ
സേവനമനുഷ്ഠിച്ചിരുന്ന ആ ക്ഷേത്രം
സകലമ്ലേച്ഛതകളുടേയും താവളമായിരുന്നു.


ഈ പട്ടണത്തിൽ യഹൂദരുടെ ഒരു സിനഗോഗുണ്ടെന്ന് കേട്ടിട്ടുണ്ടല്ലോ, അതെവിടെയാണെന്ന് അറിയാമോ?
ആ സിനഗോഗിനടുത്താണ് ഞാൻ താമസിക്കുന്നത്. വരൂ! നിങ്ങളാരാണ്?


എൻറെ പേര് പൗലോസ്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവൻ. നിങ്ങൾ?
!
എൻറെ പേര് അകിലാ. ഞാനും ഭാര്യപ്രസില്ലയും കഴിഞ്ഞ ദിവസമാണ് റോമിൽ നിന്ന് വന്നത്. ഞങ്ങളും യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ്.



ക്ലാവുദിയുസ് ചക്രവർത്തി യഹൂദരെ യെല്ലാം റോമിൽനിന്നു നാടു കടത്തിയ വിവരം അറിഞ്ഞു കാണുമല്ലോ
അതേക്കുറിച്ച് കേട്ടു. പക്ഷേ വിശദവിവരം അറിയില്ല
ക്രിസ്ത്യാനികൾക്കെതിരായി യഹൂദർ കുപ്രചരണങ്ങൾ നടത്തി. പിന്നെ പീഡനമായി. അവസാനം ചക്രവർത്തി എല്ലാവരെയും പുറത്താക്കി


റോമിൽ ക്രിസ്ത്യാനികൾ ഏറെയുണ്ടോ?


ഏറെപ്പേരുണ്ടായിരുന്നു. വീട്ടിലേക്ക് വരൂ. വിശേഷങ്ങൾ ഒക്കെ പറയാം.പ്രസില്ലായ്ക്കും നിങ്ങളെ കാണുമ്പോൾ സന്തോഷമാകും


എന്താണ് നിങ്ങളുടെ തൊഴിൽ?
കൂടാരപ്പണിയാണ്.
ഞാനും ആ ജോലി പഠിച്ചിട്ടുണ്ട്. നിങ്ങളുടെ കൂടെ ഞാനും ജോലി ചെയ്യാം

പൗലോസ് അവരുടെ കൂടെ താമസിച്ചു. ഉപജീവനത്തിനായി വേല ചെയ്തു. സാബത്ത് ദിവസം സിനഗോഗിൽ പ്രസംഗിച്ചു. ഒരു ദിവസം




അങ്ങയെ കാണാൻ അവർക്ക് അതിയായ ആഗ്രഹമുണ്ട്. പക്ഷെ അങ്ങ് ചെന്നാൽ കൂടുതൽ കലാപം ഉണ്ടാകും. ജാസനും കുടുംബവും ഇപ്പോഴും ജാമ്യത്തിലാണ്
ഞാൻ അവർക്ക് ഒരു കത്ത് എഴുതാം. സീലാസ്, ഞാൻ പറഞ്ഞു തരാം. ചുരുളിൽ എഴുതുക


പൗലോസും,
സീലാസും,
തിമോത്തെയോസും
ചേർന്ന്
തെസലോണിക്കായിലെ
സഭക്കെഴുതുന്നതു.


നമ്മുടെ
കർത്താവായ
യേശുക്രിസ്തുവിന്റെ
കൃപ നിങ്ങളോടുകൂടെ
ഉണ്ടായിരിക്കട്ടെ .


തിമോത്തി, ഈ കത്ത് തെസലോണിക്കായിൽ കൊണ്ടുപോയി എല്ലാ സഹോദരന്മാരെയും വായിച്ചു കേൾപ്പിക്കണം. അതിനുശേഷം ഇങ്ങോട്ട് തന്നെ മടങ്ങിവരണം
ശരി, ഞാൻ നാളെ തന്നെ പുറപ്പെടാം


പൗലോസ് കോറിന്തോസിൽ തൻ്റെ പ്രേഷിത വേല തുടർന്നു. ഒരു ദിവസം
ഗുരോ, ഫിലിപ്പിയിലെ സഭ അങ്ങയുടെ പ്രേക്ഷിത പ്രവർത്തനങ്ങളെ സഹായിക്കാനായി തന്നയച്ചിരിക്കുന്ന ഈ ചെറിയ തുക സ്വീകരിക്കണം
കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് നന്ദി. എന്തുണ്ട് ഫിലിപ്പിയിൽ വിശേഷങ്ങൾ?
സഹോദരന്മാർ ഏറെ സഹിക്കുന്നുണ്ട്. എങ്കിലും അവർ സന്തോഷത്തോടെ ഉറച്ചുനിൽക്കുന്നു.


എന്നാൽ ഗലാത്തിയായിൽ എല്ലാം വലിയ പ്രശ്നങ്ങളാണെന്ന് അറിയാൻ കഴിഞ്ഞു.
എന്താണത്?


ജറുസലേമിൽ നിന്ന് വന്ന യഹൂദ ക്രൈസ്തവർ ആശയക്കുഴപ്പം ഉണ്ടാക്കുന്നു
മോശയുടെ നിയമമെല്ലാം പൂർണമായി അനുസരിച്ചാലെ രക്ഷ കിട്ടു എന്നാണ് അവർ പഠിപ്പിക്കുന്നത്.


വിജാതീയരും പരിച്ഛേദനം സ്വീകരിക്കണമെന്നാണ് അവരുടെ നിർബന്ധം
അതിനു വിസമ്മതിക്കുന്നവരെ സഭയിൽ നിന്ന് പുറത്താക്കാനുള്ള ശ്രമം നടക്കുന്നുണ്ട്
ഇതനുവദിച്ചുകൂടാ. ഞാൻ അവർക്ക് എഴുതാം

കാലഹരണപ്പെട്ട മോശയുടെ നിയമം അനുസരിക്കുന്നതിലൂടെയല്ല, യേശുക്രിസ്തുവിൽ ഉള്ള വിശ്വാസത്തിലൂടെയാണ് രക്ഷ ലഭിക്കുക എന്ന് വിശദമാക്കി കൊണ്ട് പൗലോസ് ഗലാത്തിയായിലെ സഭകൾക്ക് എഴുതി. കുറച്ചുനാളുകൾക്കുശേഷം കൊറിന്തോസിലെ യഹൂദർ പൗലോസിനെ പിടിച്ച് ന്യായാസനത്തിനു മുമ്പിൽ കൊണ്ടുവന്നു




ഒന്നര വർഷത്തെ പ്രവർത്തനത്തിന് ശേഷം പൗലോസ് കോറിന്തോസിൽനിന്നു നിന്ന് യാത്ര തിരിച്ചു.
സഹോദരങ്ങളെ നിങ്ങൾ സ്വീകരിച്ച വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും കർത്താവ് മടങ്ങി വരുന്നതുവരെ പ്രാർത്ഥനയോടും പങ്കുവെക്കുന്ന സ്നേഹത്തോടും കൂടെ അവിടുത്തെ ഓർമ്മ ആചരിച്ചുകൊണ്ട് കാത്തിരിക്കുവിൻ

പൗലോസ് അന്തിയോക്യായിൽ തിരിച്ചെത്തി കുറച്ച് നാളുകൾക്ക് ശേഷം തന്റെ മൂന്നാമത്തെ യാത്ര ആരംഭിച്ചു. ഏഷ്യയിൽ താൻ സ്ഥാപിച്ച സഭകളെല്ലാം സന്ദർശിച്ച ശേഷം എഫേസൂസിൽ എത്തി.



പൗലോസ് ചില ക്രിസ്ത്യാനികളെ കണ്ടുമുട്ടി




യേശുക്രിസ്തുവിൽ വിശ്വസിച്ചു സ്നാനം സ്വീകരിക്കുന്നവർക്ക് ദൈവം നൽകുന്ന ദാനമാണ് പരിശുദ്ധാത്മാവ്. ദൈവത്തിൻറെ തന്നെ ചൈതന്യം
ആ ദാനം ഞങ്ങൾക്കു നൽകണം

അവർ യേശുവിന്റെ നാമത്തിൽ മാമോദീസാ സ്വീകരിച്ചു. പൗലോസ് കൈവച്ച് പ്രാർത്ഥിച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു.



ഏകദേശം മൂന്നുമാസം പൗലോസ് യഹൂദരുടെ സിനഗോഗിൽ പ്രസംഗിച്ചു. അനേകർ മാനസാന്തരപ്പെട്ടു. ഒരു ദിവസം സിനഗോഗിൽ



ടിറാനോസിൻറെ പ്രസംഗശാല വാടകയ്ക്ക് എടുത്ത് രാവിലെ 11 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ അവിടെ സുവിശേഷം പ്രസംഗിച്ചു. ബാക്കി സമയം സ്വന്തം കൈകൊണ്ട് അധ്വാനിച്ചു.




വിശ്വാസം വഴി ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കട്ടെ. ആത്മാവിൻറെ ചൈതന്യത്താൽ നിങ്ങൾ പുതിയ മനുഷ്യരാകുവിൻ


ക്രിസ്തു നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും സ്നേഹത്തിൽ വസിക്കുവിൻ. വിഗ്രഹങ്ങളെ വിട്ടകലുവിൻ


പൗലോസ് വഴി .ദൈവം അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു. ഇത് കണ്ട് സ്കേവാ എന്ന യഹൂദ പുരോഹിതന്റെ ഏഴു മക്കൾ ഒരു പിശാച് ബാധിതനെ സുഖപ്പെടുത്താൻ ശ്രമിച്ചു.
പൗലോസ് പ്രസംഗിക്കുന്ന യേശു ക്രിസ്തുവിന്റെ നാമത്തിൽ അശുദ്ധാ ത്മാവേ നിന്നോട് ഞാൻ ആജ്ഞാപി ക്കുന്നു, ഇവനെ വിട്ടു പോവുക.
യേശുവിനെ എനിക്ക റിയാം. പൗലോസി നെയും അറിയാം. എന്നാൽ നീ ആര്?
!??



ഈ സംഭവം കേട്ട അനേകർ യേശുവിൽ വിശ്വസിച്ചു. ചുറ്റുപാടുമുള്ള നഗരങ്ങളിലും ക്രൈസ്തവ സമൂഹങ്ങൾ രൂപംകൊണ്ടു. ക്ഷുദ്രപ്രയോഗം നടത്തിയിരുന്ന അനേകർ തങ്ങളുടെ ഗ്രന്ഥച്ചുരുളുകൾ കൊണ്ടുവന്ന് പൊതുസ്ഥലത്ത് വച്ച് കത്തിച്ചു.





തിമൊത്തേയോസ് കോറിന്തോസിൽ നിന്ന്ട മടങ്ങിയെത്തി
തിമൊത്തേയോസ്, കോറിന്തോസിൽ എന്തുണ്ട് വിശേഷങ്ങൾ?
സഭയാകെ കുഴപ്പത്തി ലാണ്. സഹോദരങ്ങൾ നാല് ചേരികൾ ആയി തിരിഞ്ഞിരിക്കുന്നു.


ചിലർ പത്രോസിന്റെ പേരിൽ, ചിലർ അപ്പോളോസിൻറെ പേരിൽ, മറ്റു ചിലർ യേശുക്രിസ്തുവിൻറെ പേരിൽ, കുറച്ചുപേർ അങ്ങയുടെ പേരിലും
എന്ത് ക്രിസ്തു വിഭജിക്കപ്പെട്ടിരിക്കുന്നെന്നോ?



മാത്രമല്ല, ഊട്ടുശാലയിലെ കൂട്ടായ്മക്കും ഭംഗം വന്നിരിക്കുന്നു. ചിലർ തിന്നു കുടിച്ചു മദിക്കുമ്പോൾ മറ്റു ചിലർ പട്ടിണി കിടക്കുന്നു


ഭാഷാവരവും പ്രവചനവും ഏറെ ദോഷം ചെയ്യുന്നു. സ്ത്രീകളുടെ അഴിഞ്ഞാട്ടം സഭയിലേക്കും കടന്നിരിക്കുന്നു.
എനിക്കിപ്പോൾ ഇവിടെനിന്ന് പോകാൻ സാധിക്കില്ല. ഞാൻ എഴുതാം. കത്ത് നീ കൊണ്ടുപോയി വായിച്ചു കേൾപ്പിക്കണം


തിമോത്തിയോസിൻറെ സന്ദർശനം ഫലമുണ്ടാക്കിയില്ല. പൗലോസ് നേരിട്ട് കോറിന്തോ സിൽ ചെന്നു. അവർ അദ്ദേഹത്തെ അവഹേളിച്ചു വിട്ടു. എഫോസോസിൽ തിരിച്ചെ ത്തിയിട്ട് ഒരു കത്തുമായി തിമൊത്തോസിനെ അയച്ചു. അതേസമയം എഫോസോസിൽ.




കഴിഞ്ഞ ഒരു വർഷമായി വിഗ്രഹങ്ങൾ വാങ്ങാൻ ആളില്ലാതെ ആവുന്നത് നിങ്ങൾ ശ്രദ്ധിച്ചോ?
ഞാൻ ഒരു പ്രതിമ വിറ്റിട്ട് ഒരു മാസമായി. ദിവസം പത്തെണ്ണം വീതം ചെലവായിരുന്നതാണ്.
!


നമ്മുടെ തൊഴിൽ നഷ്ടപ്പെടുക മാത്രമല്ല, നമ്മൾ അപഹാസ്യരായി തീരുക മാത്രമല്ല, നമ്മുടെ ദേവത തന്നെ വിസ്മരിക്കപ്പെടാൻ പോകുന്നു
ഇത് സമ്മതിച്ചു കൂടാ. അവരെ നശിപ്പിച്ചേ മതിയാകു!!


വെള്ളിപ്പണിക്കാർ നഗരത്തെ മുഴുവൻ വിളക്കിവിട്ടു.
അവർ പൗലോസിൻറെ ചില കൂട്ടുകാരെ പിടിച്ച്
പൊതുമണ്ഡപത്തിലേക്ക് കൊണ്ടുവന്നു
അർത്തേമിസ് ജയിക്കട്ടെ!
അർത്തേമിസ് അല്ലാതെ ഒരു ദൈവമില്ല!
അതാ നഗരാധിപൻ സംസാരിക്കുന്നു
എഫേസോസ്കാരെ, ശ്രദ്ധിക്കുവിൻ. അർത്തേമിസിൻറെ മഹാത്മ്യത്തെക്കുറിച്ച് ആർക്കും സംശയമില്ല. എന്നാൽ നിങ്ങൾ ഇവിടെ കലാപം ഉണ്ടാക്കുന്നത് ശരിയല്ല.


പൗലോസിനോ
അയാളുടെ അനുയായി
കൾക്കോ എതിരെ എന്തെങ്കിലും
ആരോപണം ഉണ്ടെങ്കിൽ
അത് ന്യായാസനത്തിനു
മുമ്പിൽ അവതരിപ്പിക്കുക


ഇപ്പോൾ സമാധാനത്തിൽ പിരിഞ്ഞുപോവുക. അല്ലെങ്കിൽ നമ്മൾ കലാപം ഉണ്ടാക്കിയെന്ന് റോം വിധിക്കും. അത് വലിയ വിപത്തിന് കാരണമാകും

ലഹള ശമിച്ചപ്പോൾ പൗലോസ് യാത്ര തിരിച്ചു. ഫിലിപ്പിയിൽ വച്ച് തീത്തോസിനെ കണ്ടുമുട്ടി




അത് ആവശ്യമായിരുന്നു. അങ്ങയെ അവഹേളിച്ചതിൽ സഭ മുഴുവൻ ദുഃഖിക്കുക യാണ്. അങ്ങയോട് നേരിട്ട് മാപ്പിരക്കാൻ അവർ കാത്തിരിക്കുന്നു
ശരി, ഞാൻ പോകാം.അതിനു മുമ്പേ അവരെ ആശ്വ സിപ്പിച്ചുകൊണ്ട് ഒരു കത്ത് എഴുതാം.



താമസിയാതെ എനിക്ക് ജറുസലേമിലേക്കു പോകണം. ദാരിദ്ര്യം അനുഭവിക്കുന്ന അവിടുത്തെ സഹോദരന്മാർക്ക് നൽകാനായി കുറച്ച് പണം ശേഖരിക്കണം



ഏഷ്യയിലെയും
മക്കദോനിയായിലെയും
സഭകളെപ്പോലെ
കോറിന്തോസുകാരും ഉദാരമായി
ദാനം ചെയ്യാൻ
പ്രോത്സാഹിപ്പിക്കണം

മെക്കദോനിയായിലെ സഭകളെ സന്ദർശിച്ചു വിടവാങ്ങിയ ശേഷം പൗലോസ് കോറിന്തോസിലെത്തി.




നിനക്കുണ്ടായ അപകടങ്ങളെയും, നീ അനുഭവിച്ച സഹനങ്ങളെയും കുറിച്ച് വായിച്ചപ്പോൾ ഞങ്ങൾ എത്ര നന്ദിഹീനരും നിസ്സാരരും ആണെന്ന് മനസ്സിലായി.
ക്രിസ്തുവിന്റെ സ്നേഹമാണ് എനിക്ക് ഉത്തേജനം നൽകുന്നത്. നാം ജീവിക്കുന്നതും മരിക്കുന്നതും അവനുവേണ്ടിയാണ്.


നിങ്ങൾ
യേശുക്രിസ്തുവിൽ
പരസ്പരം ഐക്യപ്പെട്ട്
കാണുന്നതിൽ ഞാൻ
കർത്താവിന് നന്ദി
പറയുന്നു



കോറിന്തോസുകാരായ
നിങ്ങൾ മാത്രമല്ല
ലോകമെങ്ങുമുള്ള സഭ
മുഴുവൻ ക്രിസ്തുവിൽ
ഒന്നായിരിക്കുന്നു. നമ്മൾ
അവൻറെ ശരീരവും.
അവൻ നമ്മുടെ
ശിരസ്സുമാണ്.


ഏകദേശം മൂന്നുമാസം പൗലോസ് കോറിന്തോസിൽ താമസിച്ചു. റോമിലെ സഭയ്ക്ക് ഒരു ലേഖനം എഴുതി.
സഹോദരങ്ങളെ ഞാൻ ജറുസലേമിലേക്ക് പോവുകയാണ്. തുടർന്നു റോമിലേക്കും അവിടെനിന്നു സ്പെയിനിലേക്കും പോയി സുവിശേഷം പ്രസംഗിക്കാൻ ആഗ്രഹമുണ്ട്.
അങ്ങ് ഇനി എന്നാണ് വരിക?


!!
ഇനി നമ്മൾ തമ്മിൽ കാണുമോ എന്ന് സംശയമാണ്. നിങ്ങൾ യേശുക്രിസ്തുവിൽ ഉറച്ചു വിശ്വസിച്ചു പരസ്പരം ഐക്യത്തിൽ കഴിയണം


നിങ്ങൾ ഉദാരമായി നൽകിയ സംഭാവനകൾ ഞാൻ ജറുസലേമിലെ സഭയ്ക്ക് എത്തിച്ചു കൊടുക്കാം. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെ നിരന്തരം ഓർക്കുവിൻ.
നാഥൻ നിന്നെ അപകടങ്ങളിൽ നിന്ന് കാത്തുരക്ഷിക്കട്ടെ. ഞങ്ങൾക്ക് വേണ്ടി എന്നും പ്രാർത്ഥിക്കണം.

കപ്പൽ മാർഗ്ഗം പൗലോസ് ത്രോവാസിൽ എത്തി. ആഴ്ചയുടെ ആദ്യദിവസം സന്ധ്യയായപ്പോൾ അപ്പം മുറിക്കാൻ സഹോദരന്മാർ ഒരുമിച്ചുകൂടി




മരിച്ചുപോയി.
ഭയപ്പെടേണ്ടാ, അവനു ജീവനുണ്ട്.

അവർ മുകളിലത്തെ മുറിയിലേക്ക് മടങ്ങി.



എവുത്തിക്കോസിന് ജീവൻ തിരിച്ചുകിട്ടിയതിൽ അവർ സന്തോഷിച്ചു. പ്രഭാതമായപ്പോൾ പൗലോസ് വിട വാങ്ങി കപ്പൽ മാർഗം കേസറിയായിൽ എത്തി. ഡീക്കൻ ഫിലിപ്പിൻറെ വീട്ടിൽ ഒരു പ്രവാചകൻ



# അവിടെ പൗലോസിന് എന്ത് സംഭവിച്ചു?

## വിശുദ്ധ പൗലോസ്
## Part 3
## വായിക്കുക